**MATHEMATICS Standard III MKM…..**


Prepared By,

**MANUMON K.M**

LPST ( Class : 3 )

Govt : L.P.S THIRDCAMP

IDUKKI, NEDUMKANDAM(sub)


യൂണിറ്റ് : **2**

## സംഖ്യകൾ കൂട്ടുകാർ

പഠനലക്ഷ്യങ്ങൾ

- മൂന്നക്ക സംഖ്യകൾ അക്ഷരത്തിനും അക്കത്തിലും എഴുതുന്നു.
- സ്ഥാന വില അനുസരിച്ചും അല്ലാതെയും മൂന്നക്ക സംഖ്യകൾ പിരിച്ചെഴുതുന്നു.
- സംഖ്യകൾ രൂപീകരിച്ചും ക്രമപ്പെടുത്തിയും തിരിച്ചറിഞ്ഞു താരതമ്യം ചെയ്യുന്നു.
- നിത്യജീവിത സന്ദർഭങ്ങളുടെ ഭാഗമായും കളികളുടെ ഭാഗമായും ആയിരം വരെയുള്ള സംഖ്യകൾ വ്യാഖ്യാനിക്കുന്നു. പ്രശ്നപരിഹരണം നടത്തുന്നു.
- സംഖ്യാ പാറ്റേണുകളിലെ സംഖ്യകളുടെ പരസ്പരബന്ധം കണ്ടെത്തുന്നു. തുടർച്ച എഴുതുന്നു. യുക്തിസമർത്ഥിക്കുന്നു. പുതിയ പാറ്റേണുകൾ രൂപീകരിക്കുന്നു.
- ആയിരം വരെയുള്ള സംഖ്യകൾ തമ്മിലുള്ള പരസ്പരബന്ധവും സംഖ്യാ പ്രത്യേകതകളും കണ്ടെത്തുന്നു. അവയുടെ സർഗാത്മകത ആസ്വദിക്കുന്നു.
- നിത്യ ജീവിതത്തിൽ വിവിധ ആവശ്യങ്ങൾക്കായി നാണയങ്ങളും കറൻസികളും ഉപയോഗിച്ചുള്ള ക്രയവിക്രയം നടത്തുന്നു.

പഠനാശയങ്ങൾ.

- മൂന്നക്ക സംഖ്യകളെ അക്കത്തിനും അക്ഷരത്തിലും എഴുതൽ
- 10 നൂറുകൾ ചേർന്നാൽ 1000
- ആയിരം 2 മൂന്നക്ക സംഖ്യകളുടെ തുകയായി എഴുതാം
- മൂന്നക്ക സംഖ്യയെ നൂറിന്റെയും പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങളാക്കി മാറ്റാം.
- മൂന്നക്ക സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ
- എണ്ണിയെടുക്കുന്നതിനും ക്രമം സൂചിപ്പിക്കുന്നതിനും സംഖ്യകൾ ഉപയോഗിക്കുന്നു
- ഒരു സംഖ്യ പാറ്റേണിലെ അടുത്തടുത്ത സംഖ്യകൾ തമ്മിൽ നിയമമായ ബന്ധമുണ്ട്.
- സംഖ്യകളുടെ യുക്തി മനസ്സിലാക്കി തുടർച്ച എഴുതുന്നു
- നാണയങ്ങളും കറൻസികളും ഉപയോഗിച്ചാണ് ക്രയവിക്രയം നടത്തുന്നത്.

സാമഗ്രികൾ

◆ മഞ്ചാടിക്കുരു, , ◆ ഈർക്കിലുകൾ , ◆ മുത്ത്, ◆ ഒന്നു മുതൽ 100 വരെയുള്ള സംഖ്യാ കാർഡ് , ◆ കളം ബോർഡ് , ◆ ചന്ദ്രഗുപ്ത കാർഡ് , ◆ കമ്പ് കെട്ടുകൾ , ◆ ചെക്ക് ◆ ചെക്ക് സ്ലിപ്

<u>പ്രക്രിയ പേജ്</u>

കുട്ടികാരെ... ഗെയിം കളിക്കാൻ ഇഷ്ടമാണോ എല്ലാവർക്കും?

നമുക്കിന്നൊരു സംഖ്യ ഗെയിം കളിച്ചാലോ.?

ടോക്കൺ ഉപയോഗിച്ചുള്ള കളിയാണിത്?

TB പേജ് നമ്പർ 17 ലെ പ്രവർത്തനം കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു.

( ***1*** മുതൽ ***100*** വരെയുള്ള സംഖ്യകളുടെ സ്ഥാനം തിട്ടപ്പെടുത്തി സംഖ്യകളെ സ്ഥാനത്ത് ക്രമീകരിക്കുന്ന ഒരു പ്രവർത്തനമാണ് ഇത് ***)***

🟢 ഉല്ലാസ ഗണിതത്തിലെ " കളം നിറയ്ക്കാം" എന്ന കളിയുടെ കളംബോർഡ് ഉപയോഗിച്ച് കളിക്കാൻ അവസരം നൽകുന്നു.

- ഒന്നു മുതൽ 100 വരെയുള്ള കളംബോർഡ്
- ഒന്നു മുതൽ നൂറ് വരെയുള്ള ടോക്കൺ

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| 11 | | | | | | | | | |
| 21 | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | 55 | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | 100 |

ഓരോ ഗ്രൂപ്പിനും കളം നിറക്കുന്നതിനായി ഓരോ ഷീറ്റ് നൽകുക. ശേഷം ടോക്കൺ ഓരോന്നായി നൽകുക. ( ഒന്നു മുതൽ 100 വരെയുള്ള ടോക്കൺ റാണ്ടമായി ഗ്രൂപ്പിൽ നൽകണം). ഓരോ റൗണ്ടിലും ടോക്കൺ കിട്ടുമ്പോൾ മഞ്ഞ കളർ ഉള്ള കളത്തിലെ നമ്പർ കിട്ടിയാൽ ആ ഗ്രൂപ്പിന് ഒരു പോയിന്റ് നൽകുന്നു. ഇങ്ങനെ നൂറു ടോക്കൺ തീരുന്നത് വരെ ഗെയിം നടത്തുക. ഏറ്റവും കൂടുതൽ ടോക്കൺ മഞ്ഞ കളത്തിൽ വച്ച് ഗ്രൂപ്പ് വിജയിച്ചു.

കുട്ടികാർ എങ്ങനെയാണ് ടോക്കണുകൾ വച്ചത്?

ക്ലാസിൽ വിശദീകരിക്കാൻ അവസരം നൽകുന്നു.

പൊതുവായി ചർച്ച നടത്തുന്നു. എങ്ങനെ കണ്ടുപിടിച്ചു എന്ന് ക്രോഡീകരിക്കുന്നു.

📌 ഈ കളം നോട്ടുബുക്കിൽ വരയ്ക്കുന്നു.

🟢 മഞ്ഞ നിറം നൽകിയ കളങ്ങളിലെ സംഖ്യകൾ തമ്മിലുള്ള ബന്ധം എന്താണ്?

- കുട്ടികൾ ഗ്രൂപ്പിൽ ചർച്ച നടത്തുന്നു
- കണ്ടെത്തിയ കാര്യം അവതരിപ്പിക്കുന്നു.
- ക്രോഡീകരണം നടത്തുന്നു.

📌 വ്യത്യസ്ത പാറ്റേണുകൾ കണ്ടെത്താൻ അവസരം നൽകുന്നു.

- വ്യക്തിഗതമായി കണ്ടെത്താൻ അവസരം നൽകുന്നു.
- കണ്ടെത്തിയ പാറ്റേണുകൾ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.
- കണ്ടെത്തിയ പാറ്റേണിന്റെ യുക്തി കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നു.
- കണ്ടെത്തിയ പാറ്റേണുകൾക്ക് പല നിറങ്ങൾ നൽകുന്നു.

ക്ലാസ്സിൽ പൊതുവായി ക്രോഡീകരിക്കുന്നു

2. പാറ്റേൺ പൂർത്തിയാക്കുക.

15,25,35,..........,..........,..........

20,40,60,..........,..........,..........

25,50,75,..........,..........,..........

12,24,36,..........,..........,..........

110,220,330,..........,..........,..........

3. സ്വന്തമായി പാറ്റേൺ നിർമ്മിക്കുക.

.......,.......,.......,.......,.......,.......

.......,.......,.......,.......,.......,.......

.......,.......,.......,.......,.......,.......

.......,.......,.......,.......,.......,.......

.......,.......,.......,.......,.......,.......

കളിയുടെ ലക്ഷ്യം

- ഒന്നു മുതൽ 100 വരെയുള്ള സംഖ്യകളുടെ വലിപ്പം തിരിച്ചറിയുന്നു.
- സംഖ്യകളുടെ സ്ഥാനവില മനസ്സിലാക്കുന്നു.
- സംഖ്യകൾ തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്തുന്നു.
- സംഖ്യ വിന്യാസത്തിലെ സൗന്ദര്യം, കൗതുകം ആസ്വദിക്കുന്നു.

ഉദാ. 📌65 എന്ന സംഖ്യ 60 കഴിഞ്ഞ് അഞ്ചാമതാണ് വരുന്നത്.

📌6 പത്തുകളും 5 ഒന്നുകളും ചേർന്നതാണ് 65.

📌 കുത്തനെയും, വിലങ്ങനെയും താഴോട്ടും മേലോട്ടും വരുന്ന കളങ്ങളിലെ സംഖ്യകളുടെ പ്രത്യേകത.

📌വികർണമായി വരുന്ന കളങ്ങളിലെ സംഖ്യകളുടെ പ്രത്യേകത.

കുട്ടിയുടെ പഠനത്തിൽ രക്ഷിതാവിന്റെ പിന്തുണ

- കുട്ടിയുമായി ചർച്ച ചെയ്തു കളം ബോർഡ് കളി വീട്ടിൽ കളിക്കാനുള്ള അവസരം ഉണ്ടാക്കണം.
- കളത്തിലെ വലിപ്പത്തിനനുസരിച്ച് സംഖ്യ എഴുതൽ തുടങ്ങിയ കാര്യങ്ങ- ളിൽ കുട്ടിക്ക് ആവശ്യമായ പിന്തുണ നൽകണം.
- പരമാവധി പ്രവർത്തികൾ കുട്ടി സ്വന്തമായി ചെയ്യുന്നതിനുള്ള അവസരം ഒരുക്കണം.

വിലയിരുത്തൽ

🟢 സംഖ്യയുടെ പട്ടികയിലെ സ്ഥാനം, സംഖ്യകൾ തമ്മിലുള്ള ബന്ധം

സംഖ്യകളുടെ വിന്യാസം

- 🟢 മികച്ച രീതിയിൽ മനസ്സിലാക്കിയവർ ആരെല്ലാം
- 🟢 ശരാശരി നിലവാരത്തിൽ നിൽക്കുന്നവർ ആരെല്ലാം
- 🟢 ഇനിയും മെച്ചപ്പെടേണ്ടവർ ആരെല്ലാം
- 🟢 സഹപാഠിയുടെ പിന്തുണ ഒരുക്കൽ എങ്ങനെ
- 🟢 രക്ഷിതാവിന്റെ പിന്തുണ ഒരുക്കൽ എങ്ങനെ?

📝 വിലയിരുത്തൽ 👇

## 📌 സ്കൂൾ സ്റ്റോർ

( രണ്ടക്ക സംഖ്യകളുടെ തുകയായി നൂറിനെ വ്യാഖ്യാനിക്കാനുള്ള സാധ്യതയാണ് ഇവിടെ ഒരുക്കുന്നത്. രണ്ടക്ക സംഖ്യകളുടെ തുക മനക്കണക്കായി കൂട്ടാൻ അവസരം ഒരുക്കിയിരിക്കുന്നു )

❓ കൂട്ടുകാരെ ഈ വർഷം ബുക്കുകളും പേനയും കുടയും etc വാങ്ങാൻ അച്ഛന്റെയൊപ്പം പോയിരുന്നോ?

❓ എന്തൊക്കെ സാധനങ്ങൾ ആണ് നിങ്ങൾ വാങ്ങിയത്?

🟢 ചർച്ച നടത്തുന്നു

ഒരു കളി കളിച്ചാലോ

Find the number to make 100

_______ + 50 = 100

20 + _______ = 100

_______ + 60 = 100

90 + _______ = 100

_______ +100 = 100

10 + _______ = 100

_______ + 30 = 100

ഈ ചാർട് ക്ലാസ്സിൽ പ്രേദർശിപ്പിക്കുന്നു.

വ്യക്തിഗതമായി ചെയ്യാൻപൊതു അവതരണം qക്രോഡീകരണം

📌 ടിബി പേജ് നമ്പർ പതിനെട്ടിലെ ചിത്രം നിരീക്ഷിക്കാൻ അവസരം.

ചിത്രത്തിൽ എന്തൊക്കെയാണ് കാണുന്നത്?

ചർച്ച

സ്റ്റോറിലെ വില വിവര പട്ടികയിൽ സാധനങ്ങളുടെ പേരും അവയുടെ വിലയും നൽകിയിരിക്കുന്നു.

❓ എന്തെല്ലാം സാധനങ്ങൾ ആണ് സ്കൂൾ സ്റ്റോറിൽ ഉള്ളത്?

❓ ഓരോന്നിന്റെയും വില എത്രയാണ്?

🟢കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു.

❓ ഏറ്റവും വില കുറഞ്ഞ സാധനം ഏതാണ്?

❓ ഏറ്റവും വിലകൂടിയ സാധനം ഏതാണ്

❓ ആരുടെ ഒപ്പമാണ് മിൻഹ സാധനങ്ങൾ വാങ്ങാൻ പോയത്?

❓ എത്ര രൂപയ്ക്കാണ് മിൻഹ സാധനങ്ങൾ വാങ്ങിയത്?

❓ 100 രൂപയ്ക്ക് ഏതൊക്കെ സാധനങ്ങളാണ് വാങ്ങാൻ സാധിക്കുന്നത്.?

🟢 കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തുന്നു.

അവതരിപ്പിക്കുന്നു.

| **100** രൂപ നൽകി **2** സാധനങ്ങൾ വാങ്ങിയാൽ… | | | |
|---|---|---|---|
| മാർക്കർ പേന പായ്ക്കറ്റ്<br>ക്രെയോൺസ് | **75** രൂപ<br>**25** രൂപ | കെച്ച പെൻ പായ്ക്കറ്റ്<br>നോട്ട് ബുക്ക് വലുത് | **40** രൂപ<br>**60** രൂപ |
| ആകെ | **100** | ആകെ | **100** രൂപ |

❓ രണ്ട് സാധനങ്ങളുടെ സാധ്യത ഇനി ഉണ്ടോ?

രണ്ടു വിലകൾ വീതം മനക്കണക്കായി കൂട്ടി നോക്കുക.

🏷️*( അധ്യാപകൻ രണ്ട് വിലകൾ പറയുന്നു. ആദ്യം കൂട്ടുന്ന കൂട്ടുകാർക്ക് ബട്ടർഫ്ലൈ സമ്മാനമായി നൽകുന്നു. ഇങ്ങനെ ഗെയിം രൂപത്തിൽ ക്ലാസിൽ പ്രവർത്തനം നടത്തുന്നു.)*

📌 ഇനി 3 സാധനങ്ങളാണ് മിൻഹ വാങ്ങിയത് എന്നിരിക്കട്ടെ ഏതൊക്കെ സാധനങ്ങൾ വാങ്ങാം?

🟢 കുട്ടികൾക്ക് വ്യക്തിഗതമായി കണ്ടെത്താൻ അവസരം നൽകുന്നു.

കണ്ടെത്തിയത് ഓരോ കൂട്ടുകാരും അവതരിപ്പിക്കുന്നു.

| **100** രൂപ നൽകി മൂന്ന് സാധനങ്ങൾ വാങ്ങിയാൽ | | | |
|---|---|---|---|
| മാർക്കർ പേന പായ്ക്കറ്റ്<br>സ്കെയിൽ<br>പേന | :75രൂപ<br>:5രൂപ<br>:20രൂപ | ക്രയോൺ<br>ബ്രൗൺ പേപ്പർ<br>നോട്ടുബുക്ക് വലുത് | :25രൂപ<br>:15രൂപ<br>:60രൂപ |
| ആകെ | **100** | ആകെ | **100** രൂപ |

❓ കൂട്ടുകാരെ ഇനി സാധ്യതകളുണ്ടോ?

മൂന്നുവിലകൾ മനക്കണക്കായി കൂട്ടി നോക്കൂ.

*( അധ്യാപകൻ മൂന്ന് വിലകൾ പറയുന്നു. ആദ്യം കൂട്ടുന്ന കൂട്ടുകാർക്ക് ബട്ടർഫ്ലൈ സമ്മാനമായി നൽകുന്നു. ഇങ്ങനെ ഗെയിം രൂപത്തിൽ ക്ലാസിൽ പ്രവർത്തനം നടത്തുന്നു.)*

ഇനി നാല് സാധനങ്ങളാണ് വാങ്ങിയതെങ്കിലോ?

- കൂട്ടുകാർ വ്യക്തിഗതമായി കണ്ടെത്തുക
- ഗ്രൂപ്പുകൾ ആയി തിരിഞ്ഞ് അവതരിപ്പിക്കുന്നു.
- കൂടുതൽ മെച്ചപ്പെടുത്തലുകൾ നടത്തുന്നു.

| **100** രൂപ നൽകി നാല് സാധനങ്ങൾ വാങ്ങിയാൽ | | | |
|---|---|---|---|
| നോട്ടുബുക്ക് വലുത് | :60രൂപ | ക്രയോൺ | :25രൂപ |
| സ്കെയിൽ | :5രൂപ | ബ്രൗൺ പേപ്പർ | :15രൂപ |
| പേന | :20രൂപ | കെച്ച് പെൻ പായ്ക്കറ്റ് | :40രൂപ |
| ബ്രൗൺ പേപ്പർ | :15രൂപ | പേന | :20രൂപ |
| ആകെ | **100** | ആകെ | **100** രൂപ |

ഇനി സാധ്യതകളുണ്ടോ?

നാല് വിലകൾ മനക്കണക്കായി കൂട്ടി നോക്കൂ.

**(** അധ്യാപകൻ നാല് വിലകൾ പറയുന്നു. ആദ്യം കൂട്ടുന്ന കൂട്ടുകാർക്ക് ബട്ടർഫ്ലൈ സമ്മാനമായി നൽകുന്നു. ഇങ്ങനെ ഗെയിം രൂപത്തിൽ ക്ലാസിൽ പ്രവർത്തനം നടത്തുന്നു.**)**

5 സാധനങ്ങൾ 100 രൂപക്ക് വാങ്ങാൻ സാധ്യതയുണ്ടോ?

ചർച്ച ചെയ്യുക

വിലയിരുത്തൽ



പെൻസിൽ കമ്പനി

***100*** *എന്ന സംഖ്യ കുട്ടികൾക്ക് പരിചിതമാണ്. ഏറ്റവും ചെറിയ മൂന്നക്ക സംഖ്യയാണ്* ***100, 10*** *നൂറുകൾ ചേർന്നാൽ ആയിരം എന്ന ധാരണ കൈവരിക്കുന്നതിനുള്ള ഒരു പ്രവർത്തനമാണിത്.*

📌**TB** പേജ് നമ്പർ 19ലെ പ്രവർത്തനം ചെയ്യാൻ അവസരം നൽകുന്നു.
മിൻഹ പെൻസിലുകൾ പായ്ക്കറ്റിലും പെട്ടിയിലും നിറയ്ക്കുകയാണ്.

❓ ഒരു പായ്ക്കറ്റിൽ എത്ര പെൻസിലുകൾ ആണുള്ളത്.

❓ ഒരു പെട്ടിയിൽ എത്ര പായ്ക്കറ്റ് പെൻസിലുകൾ വെക്കാം

❓ ഒരു പെട്ടിയിൽ എത്ര പെൻസിലുകൾ ഉണ്ട്

TB യിലെ പ്രവർത്തനം വ്യക്തിഗതമായി ചെയ്യുന്നു

ചർച്ചചെയ്യുന്നു കൂട്ടിച്ചേർക്കലുകൾ നടത്തുന്നു

ക്രോഡീകരിക്കുന്നു.

- ഒരു പായ്ക്കറ്റിൽ 10 പെൻസിലുകൾ ഉണ്ട്.
- ഒരു പെട്ടിയിൽ 10 പായ്ക്കറ്റുകൾ വെക്കാം
- അപ്പോൾ ഒരു പെട്ടിയിൽ 100 പെൻസിലുകൾ.

(ഈ പ്രവർത്തനം ഈർക്കിൽ കെട്ടുകൾ/ കമ്പുകെട്ടുകൾ ഉപയോഗിച്ച് ക്ലാസിൽ ചെയ്യുന്നു. )

📌 ശേഷംTB പേജ് നമ്പർ 19 ലെ പെൻസിലുകളുടെ എണ്ണം എഴുതി കളങ്ങൾ പൂർത്തിയാക്കുക എന്ന പ്രവർത്തനം ചെയ്യാൻ അവസരം നൽകുന്നു.

- വ്യക്തിഗതമായി ചെയ്യുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.
- കൂട്ടിച്ചേർക്കലുകൾ നടത്തി പൊതു അവതരണം

| | |
|---|---|
| ഒരു പെട്ടിയിൽ 100 പെൻസിലുകൾ ഉണ്ട്<br>രണ്ടു പെട്ടിയിൽ എത്ര പെൻസിലുകൾ<br>മൂന്നു പെട്ടിയിൽ എത്ര പെൻസിലുകൾ<br>നാല് പെട്ടിയിൽ എത്ര പെൻസിലുകൾ<br>…………………………………………………… | **100**<br>100+100 =**200**<br>100+100+100 =**300**<br>100+100+100+100=**400**<br>…………………………… |

❓ ഇങ്ങനെ 10 പെട്ടിയിൽ എത്ര പെൻസിലുകൾ ഉണ്ടാവും

- സ്വതന്ത്രമായി ചിന്തിക്കാൻ അവസരം നൽകുന്നു.
- ഗ്രൂപ്പായി ചർച്ച ചെയ്തു കണ്ടെത്തുന്നു.
- പൊതുവായി അവതരിപ്പിക്കുന്നു ക്രോഡീകരിക്കുന്നു.

***10*** **നൂറുകൾ ചേർന്ന് ആയിരം എന്ന ആശയം കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു.**

📝 വിലയിരുത്തൽ 👇

- പത്ത് 100 കൾ ചേർന്ന് ആയിരം എന്ന ആശയം കൈവരിക്കുന്നതിൽ മികവ് പുലർത്തിയവർ ആരെല്ലാം?
- ഇനിയും മികവിലേക്കെത്തേണ്ടവർ ആരെല്ലാം?
- കൈത്താങ്ങ് ആവശ്യമുള്ളവർക്ക് മികവു നൽകേണ്ടത് എങ്ങനെ?

🟢 മികവിൽ എത്തേണ്ടവർക്ക് വേണ്ടി ഗണിത വിജയത്തിലെ യൂണിറ്റ് സ്ക്വയർ ഉപയോഗിച്ച് ഈ പ്രവർത്തനം ക്ലാസിൽ ചെയ്യിക്കുന്നു.

📌📌 മേന്മ സ്റ്റോർ ❓

**L**

TB പേജ് നമ്പർ 20ലെ പ്രവർത്തനം വ്യക്തമായി വായിക്കുന്നു.

ചെയ്യാൻ അവസരം നൽകുന്നു.

| |
|---|
| ആയിരത്തിനെ നൂറിന്റെ രണ്ട് കൂട്ടങ്ങൾ ആക്കാനുള്ള പ്രവർത്തനമാണിത്. |

❓ മിൻഹയുടെ ബാഗിൽ എത്ര പെട്ടികൾ?

❓ അച്ഛന്റെ ബാഗിൽ എത്ര പെട്ടികൾ?

അച്ഛന്റെ ബാഗിലെ പെൻസിൽ (5 പെട്ടി പെൻസിൽ=500)

നൂറിന്റെ പത്തു പെട്ടികൾ ക്ലാസിൽ കൊണ്ടുവന്നു. കുട്ടികളെ പ്രവർത്തനം പരിചയപ്പെടുത്തുന്നു.

| | |
|---|---|
| **100+100+100+100+100 =500** | **100+100+100+100+100 =500** |

ബാഗിന് ഭാരം കൂടുതൽ തോന്നി. കുറച്ചു പെൻസിലുകൾ അച്ഛന്റെ ബാഗിലേക്ക് മാറ്റാൻ തീരുമാനിച്ചു.

📌📌 ബാഗിൽ എത്ര ❓

TB പേജ് നമ്പർ 20ലെ പ്രവർത്തനം വ്യക്തിഗതമായി ചെയ്യാൻ അവസരം

- വ്യക്തിഗതമായി ചെയ്യാൻ അവസരം നൽകുന്നു.

**300+700 =1000 (3 നൂറും 7 നൂറും ചേർന്ന് 10 നൂറ് =1000)**


**100+900 =1000 (1 നൂറും 9 നൂറും ചേർന്ന് 10 നൂറ് =1000)**

- ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു മെച്ചപ്പെടുത്തുന്നു.
- ക്രോഡീകരണം നടത്തുന്നു..

കൂടുതൽ സാധ്യതകൾ കണ്ടെത്തുന്നു.

| | |
|---|---|
| **2** നൂറുകൾ **8** നൂറുകൾ**=10** നൂറുകൾ<br>**200 + 800 =1000** | **4** നൂറുകൾ **6** നൂറുകൾ**=10** നൂറുകൾ<br>**400 + 600 =1000** |

🟢 തുടർ പ്രവർത്തനം നൽകുന്നു




📝 വിലയിരുത്തൽ 👇

📌📌 നന്മ സ്റ്റോർ

**TB** പേജ് നമ്പർ 20 ലെ പ്രവർത്തനം

( നൂറിന്റെ ഗുണിതങ്ങളായ മൂന്നക്ക സംഖ്യകളെ നൂറിന്റെ രണ്ട് കൂട്ടങ്ങളായി വ്യാഖ്യാനിക്കാനുള്ള സാധ്യതകളാണ് ഈ പ്രവർത്തനം)

പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പട്ടിക കുട്ടികൾ തന്നെ വായിച്ചു ചെയ്യട്ടെ.

വ്യക്തിഗതമായ ചെയ്യാൻ അവസരം നൽകുന്നു.

ഗ്രൂപ്പ് ആയി തിരിഞ്ഞ് ചർച്ചചെയ്യുന്നു മെച്ചപ്പെടുത്തുന്ന

കൂട്ടിച്ചേർക്കുന്നു. പൊതുവായി അവതരിപ്പിക്കുന്ന

അധ്യാപകൻ വിശദീകരിച്ച് നൽകുന്നു

| ബാഗ് **1** | ബാഗ് **2** | ആകെ | നോട്ട് |
|---|---|---|---|
| 400 | 400 | 800 | നാലു നൂറും നാലു നൂറും ചേർന്ന് 8 നൂറ് |
| 100 | 700 | 800 | ഒരു നൂറും ഏഴ് നൂറും ചേർന്ന് 8 നൂറ് |
| 200 | 600 | 800 | ........................................................ |
| 300 | 500 | 800 | ........................................................ |

| MATHEMATICS | Standard III | MKM..... |
|---|---|---|

❓ തുടർന്ന് 700, 900,600 എന്നീ സംഖ്യകളെ നൂറുകളുടെ രണ്ട് കൂട്ടങ്ങൾ ആക്കി എഴുതുന്നതിനുള്ള പ്രവർത്തനം

- വ്യക്തിഗതമായി ചെയ്യാൻ അവസരം
- ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു മെച്ചപ്പെടുത്തുന്ന കൂട്ടിച്ചേർക്കുന്നു
- ക്രോഡീകരണം നടത്തുന്നു.

📌തുല്യമായ കൂട്ടം.

പകുതി എന്ന ആശയമായി ബന്ധപ്പെട്ടതാണ് ഈ പ്രവർത്തനം

പാഠപുസ്തകത്തിലെ പേജ് നമ്പർ 21 ലെ പ്രവർത്തനം

വ്യക്തിഗതമായി ചെയ്യാൻ അവസരം നൽകുന്നു

ഗ്രൂപ്പായി തിരിഞ്ഞു ചർച്ചചെയ്യുന്നു മെച്ചപ്പെടുത്തുന്ന കൂട്ടിച്ചേർക്കുന്നു

🟢 പൊതുവായി ക്രോഡീകരിക്കുന്നു.

സംഖ്യാ രൂപീകരിക്കൽ കളി

സംഖ്യകളെ നൂറിന്റെ കൂട്ടങ്ങൾ ആക്കുന്ന കളിയാണിത്

കളിരീതി

ഓരോ കുട്ടിക്കും 100, 200,300….,900 എന്നിങ്ങനെയുള്ള സംഖ്യ കാർഡുകൾ നൽകുന്നു തുടർന്ന് ടീച്ചർ 300, 400,.....900 എന്നിവയിൽ ഏതെങ്കിലും ഒരു സംഖ്യ പറയുന്നു. കുട്ടികൾ രണ്ട് സംഖ്യകളുടെ തുകയായി ഈ സംഖ്യയെ അവതരിപ്പിക്കുന്ന ഓരോ കുട്ടിയും പറയുന്ന സംഖ്യകൾ ടീച്ചർ ബോർഡിൽ എഴുതുന്നു. ശരിയായി അവതരിപ്പിക്കുന്ന കുട്ടികൾക്ക് ഒരു പോയിന്റ് എഴുതാനും പറയുന്നു. റൗണ്ട്കളായി കളി തുടർന്ന് വിജയികളെ കണ്ടെത്തുന്നു.

📝 വിലയിരുത്തൽ 👇

📌📌 മാറിപ്പോയി **TB** പേജ് **NO 21**

( മൂന്നക്ക സംഖ്യകളെ നൂറിന്റെയും പത്തിന്റെയും കൂട്ടങ്ങളായി വിശകലനം ചെയ്ത് നിർദ്ധാരണം ചെയ്യുന്നതിനുള്ള ഒരു പ്രശ്നപഗ്രഥന പ്രവർത്തനം)

🟢 കുട്ടികൾ സ്വന്തമായി പ്രവർത്തനം വായിക്കുന്നു. മനസ്സിലാക്കുന്നു.

🟢 മനഗണിതമായിട്ട് പ്രവർത്തനം ചെയ്യാൻ അവസരം.

- വ്യക്തിഗതമായി ചെയ്യാൻ അവസരം.
- കുട്ടികൾ കണ്ടെത്തിയവ അവതരിപ്പിക്കുന്നു. വിലയിരുത്തുന്നു.
- എത്രപേർക്ക് വ്യക്തിഗതമായി ചെയ്യാൻ സാധിച്ചു.?
- ശരിയായി ഉത്തരത്തിൽ എത്താൻ കഴിഞ്ഞത് എത്രപേർക്ക്?

- ഉത്തരം കണ്ടെത്താൻ സാധിക്കാത്തവരുടെ പ്രശ്നങ്ങൾ പഠിക്കുന്നു.

🟢തുടർന്ന് ടീച്ചർ ചോദ്യവുമായി ബന്ധപ്പെട്ട വിശകലന ചോദ്യങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ചോദ്യം കൂടുതൽ വ്യക്തമാക്കി കൊടുക്കുന്നു.

- സ്കൂളിലേക്ക് ആവശ്യമുള്ളത് എത്ര പെൻസിൽ ആണ്.?
- എത്രയൊക്കെ പായ്ക്കറ്റുകൾ ആക്കാൻ ആണ് മിൻഹയോട് പറഞ്ഞത്?
- മിൻഹ എങ്ങനെയാണ് പായ്ക്കറ്റുകൾ ആക്കിയത്?
    - സ്കൂളിലേക്ക് ആവശ്യമുള്ളത് 870 പെൻസിലുകളാണ്
    - മിൻഹ 100 ന്റെ 7 കൂട്ടങ്ങളും 10 ന്റെ 8 കൂട്ടങ്ങളുമാണ് ആക്കിയത്
    - അതായത് 700 ഉം 80 ഉം
    - മിൻഹ പായ്ക്കറ്റിൽ ആക്കിയത് 780 എണ്ണമാണ്.

🔖 ഉത്തരം കണ്ടെത്താൻ വേണ്ട വിവരങ്ങൾ

- ആകെ ആവശ്യമുള്ള പെൻസിലുകൾ 870
- പായ്ക്കറ്റിലാക്കിയത് 780
- ഇനി ബാക്കി വേണ്ടത് എത്ര

കുട്ടികൾക്ക് സ്വന്തമായി ഉത്തരം കണ്ടെത്താൻ അവസരം നൽകുന്നു.

ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. പരസ്പരം വിലയിരുത്തുന്നു.

| ഉത്തരം കണ്ടെത്തിയ രീതി | മറ്റൊരു രീതി |
|---|---|
| 780+20=800<br>870 ആക്കാൻ 70 കൂട്ടണം<br>അതായത് 20+70=90 | 870-700=170<br>170-70=100 100-10=90<br>അതായത് 870-780=90 |

അതായത് സ്കൂളിലേക്ക് ഇനിയും 90 കൂടി വേണം

📝 വിലയിരുത്തൽ 👇

- പ്രശ്ന അപഗ്രഥനത്തിൽ എത്രമാത്രം മികവ് ഉണ്ട്?
- പ്രശ്നം വിശകലനം നടത്താൻ പൂർണമായും കഴിയുന്നുണ്ടോ?
- ഉത്തരത്തിലേക്ക് എത്തിച്ചേരാൻ സാധിക്കുന്നുണ്ടോ?
- നൽകേണ്ട പിന്തുണ.?
- ഉത്തരം കണ്ടെത്തിയ വഴി മനസ്സിലാക്കാൻ പൂർണമായും കഴിയുന്നുണ്ടോ?

📌📌 പെൻഷൻ വന്നു

പേജ് നമ്പർ 22ലെ പ്രവർത്തനം

( നൂറുകളുടെ മൂന്നു കൂട്ടങ്ങൾ ചേർക്കുന്നതിനാണ് ഈ പ്രവർത്തനം ഊന്നൽ നൽകുണ്ടത്*)*

പ്രവർത്തനം വ്യക്തിഗതമായി ചെയ്യാൻ അവസരം നൽകുന്നു.

കണ്ടെത്തലുകൾ ക്ലാസിൽ അവതരിപ്പിക്കുന്നു.

കണ്ടെത്തിയ രീതി വിശകലനം ചെയ്യുന്നു

**( 200 + 500 + 100 = 800)**

ഇതുപോലെ 600,700, 800 എന്നീ സംഖ്യകളെയും മൂന്നു കൂട്ടങ്ങളാക്കി എഴുതുന്നു.

🟢വ്യക്തിഗത രചനയ്ക്ക് അവസരം നൽകുന്നു.

**200+300+100 =600**

**300+200+200=700**

**100+300+400=800**

ഗണിത വിജയത്തിലെ സംഖ്യാ സ്ലിപ്പിന്റെ സഹായത്തോടെ കുട്ടികൾക്ക് ***101*** മുതൽ സംഖ്യകൾ രൂപീകരിക്കാൻ അവസരം ഒരുക്കുന്നു *.* ചന്ദ്രഗുപ്ത കാർഡ് ഇതിനായി ഉപയോഗിക്കുന്നു*.* എല്ലാ കുട്ടുകാരെയും പരിഗണിക്കുന്ന രീതിയിൽ പ്രവർത്തനം ആസൂത്രണം ചെയ്യുന്നു*.*

🟢 മിൻഹായ്ക്ക് മുത്തശ്ശി 100 രൂപ നൽകി അവൾ അത് കുടുക്കയിലിടാൻ തീരുമാനിച്ചു. അപ്പോഴാണ് അച്ഛൻ പറഞ്ഞത് ദിവസവും ഒരു രൂപ വീതം തരാമെന്ന് എങ്കിൽ ഓരോ ദിവസവും കൊടുക്കാനുള്ള തുകയാണ് എഴുതേണ്ടത്.

പട്ടിക വ്യക്തിഗതമായി പൂർത്തിയാക്കുക.

ചന്ദ്രഗുപ്തകാർഡ് ഉപയോഗിച്ച് ചെയ്തു നോക്കാൻ അവസരം നൽകുന്നു.

ഒന്നാം ദിവസം രണ്ടാം ദിവസം....... ഇങ്ങനെ ഈ പട്ടിക പൂർത്തിയാക്കുന്നു.

🔖 **101** മുതൽ **200** വരെ തുടർച്ചയായി നോട്ടുബുക്കിൽ എഴുതാൻ ആവശ്യപ്പെടുന്നു.

**101 102 103, 104,105,106.........................................200**

- വ്യക്തിഗതമായി ചെയ്യാൻ അവസരം നൽകുന്നു.
- ചർച്ച ചെയ്തു മെച്ചപ്പെടുത്തുന്നു.
-

🟢 തുടർ പ്രവർത്തനം

101 102 103, 104,105,106..................110 വരെ എത്ര സംഖ്യകൾ ഉണ്ട്.

അതെ 10 സംഖ്യകൾ, കുട്ടികൾ എണ്ണി കണ്ടെത്തുന്നു.

അധ്യാപകൻ ക്രോഡീകരിക്കുന്നു.

സംഖ്യകളുടെ ഒന്നുകളുടെ സ്ഥാനം നോക്കിയാൽ ***1,2,3,4,...9*** വരെയും പിന്നെ ***10*** ഉം ആണ് അതുകൊണ്ട് ***10*** സംഖ്യകൾ ഉണ്ടെന്ന് നോക്കാതെ പറയാൻ സാധിക്കുന്നു*.*

❓ 100 നും 200നും ഇടയിൽ എത്ര സംഖ്യകൾ ഉണ്ട്?

❓ 100 മുതൽ 200 വരെ എത്ര സംഖ്യകൾ ഉണ്ട്?

❓ 200 ൽ താഴെ എത്ര മൂന്നക്ക സംഖ്യകൾ ഉണ്ട്?

കുട്ടികൾക്ക് വ്യക്തിഗതമായി ചെയ്യാൻ അവസരം നൽകുന്നു.

ചർച്ചചെയ്യുന്നു ക്രോഡീകരണം നടത്തുന്നു.

**101 മുതൽ 110 വരെ 10 സംഖ്യകൾ ഉണ്ട്. അതുകൊണ്ട് 101 മുതൽ 200 വരെ 100 സംഖ്യകൾ ഉണ്ടായിരിക്കും.**

🔖 തുടർ പ്രവർത്തനം.

- 200 മുതൽ 300 വരെ സംഖ്യകൾ തുടർച്ചയായി എഴുതുക.
  - 200 മുതൽ 300 വരെ എത്ര സംഖ്യകൾ ഉണ്ട്.
  - 101 മുതൽ 300 വരെ എത്ര സംഖ്യകൾ ഉണ്ട്.

📌🟢 സംഖ്യറിബൺ

- 101 മുതൽ 200 വരെയുള്ള സംഖ്യ കാർഡുകൾ എഴുതിയിട്ട് സംഖ്യാ റിബൺ ഉണ്ടാക്കുക.
- 21 മുതൽ 300 വരെയുള്ള സംഖ്യ കാർഡുകൾ എഴുതി ള്ക്കിയിട്ട് സംഖ്യ റിബൺ ഉണ്ടാക്കുക.
  - അധ്യാപകൻ ചൂണ്ടിക്കാണിക്കുന്ന സംഖ്യകൾ വായിക്കുക.

📝 വിലയിരുത്തൽ 👇

- മികവ് പുലർത്തിയവർ ആരെല്ലാം?
- ഇനിയും മെച്ചപ്പെടേണ്ട വർക്ക് എന്ത് അധിക പ്രവർത്തനം നൽകും?
- നൽകേണ്ട പിന്തുണ എന്ത്.?

📌📌 ആരോഗ്യ സർവേ പേജ് നമ്പർ 23

എന്തിനാണ് ആരോഗ്യസർവേ എടുക്കുന്നത്?

**ആരോഗ്യ സർവേ എന്ത്? എന്തിന്?**

കുടുംബത്തിലുള്ള അംഗങ്ങളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിന് വേണ്ടി പൊതുജനാരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായാണ് ആരോഗ്യ സംരക്ഷണ സർവ്വേ നടത്തുന്നത്. കുട്ടികളുടെ ആരോഗ്യം, പകർച്ചവ്യാധി തടയൻ, പ്രായമായവരുടെ ആരോഗ്യ സംരക്ഷണം, സ്ത്രീ ശാക്തീകരണം എന്നിവയ്ക്ക് ഊന്നൽ നൽകി കൊണ്ടാണ് ആരോഗ്യ സർവേ നടത്തുന്നത്.

🟢295 മുതൽ 311 വരെ തുടർച്ചയായി എഴുതുന്നതിനുള്ള പ്രവർത്തനമാണിത്.

വ്യക്തിഗതമായി പ്രവർത്തനം ചെയ്യാൻ അവസരം നൽകുന്നു.

ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. കൂട്ടിച്ചേർക്കൽ നടത്തുന്നു.

പൊതുവായി അവതരണം നടത്തുന്നു. ക്രോഡീകരിക്കുന്നു.

🟢🟢 വീടുകൾക്ക് ഇഷ്ടമുള്ള നിറം നൽകി ഭംഗിയാക്കുക.

🔖 തുടർ പ്രവർത്തനം

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 301 | | | | 305 | | | | | 310 |
| | 312 | | | | 316 | | | | |
| 321 | | | | | | | | 329 | |
| | | 333 | | 335 | | | | | |
| 341 | | | | | | | | | 350 |

📝 വിലയിരുത്തൽ 👇

- എത്ര കുട്ടികൾക്ക് 295 മുതൽ തുടർച്ചയായി 311 വരെ ശരിയായി എഴുതാൻ സാധിച്ചു?
- ഇനിയും മെച്ചപ്പെടാൻ ഉള്ളവർ ആരെല്ലാം?
- അവർക്ക് പിന്തുണ എങ്ങനെ നൽകണം?

📌📌 സംഖ്യ മാല

സംഖ്യകളെ കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനുള്ള അധിക പ്രവർത്തനം.

സംഖ്യകളുടെ തുടർച്ചയായി എഴുതുന്നതിനുള്ള ഒരു പ്രവർത്തനമാണ് സംഖ്യമാല തയ്യാറാക്കൽ.

- കൂട്ടുകാരെ നാല് പേർ വീതമുള്ള ഗ്രൂപ്പുകൾ ആക്കുന്നു.
- ഓരോ ഗ്രൂപ്പിനും ആവശ്യമായ കളർ എ ഫോർ പേപ്പർ നൽകുന്നു.

(വീതിവശവും നീളം വശവും എട്ടായി മടക്കുക അവയെ സ്ലിപ്പുകൾ ആയി മുറിച്ച് കിട്ടുന്ന കളങ്ങളിൽ *101* മുതൽ തുടർച്ചയായി *1000* വരെ എഴുതണം.)

- ഇവ ഒട്ടിച്ച് സംഖ്യ മാലയായി ഓരോ ഗ്രൂപ്പും ക്ലാസിൽ പ്രദർശിപ്പിക്കണം.

🟢 ഓരോ കുട്ടിയും 750 മുതൽ ആയിരം വരെയുള്ള സംഖ്യ റിബൺ രക്ഷിതാവിന്റെ സഹായത്തോടെതയ്യാറാക്കാൻ അവസരം നൽകണം.

[ഇളം നിറത്തിലുള്ള റിബണിൽ പെർമന്റ് മാർക്കർ ഉപയോഗിച്ച് എഴുതണം*]*

രക്ഷിതാവിന്റെ സഹായം ഉറപ്പുവരുത്തണം

❓ എത്ര സംഖ്യ എഴുതി ?

❓ എത്ര സമയം എടുത്തു?

കുട്ടികളിൽ നിന്ന് ചോദിച്ചറിയുന്നു

🔖 ഗണിത സഞ്ചിയിൽ സൂക്ഷിക്കാനായി പറയുന്നു.

📌📌 സംഖ്യ ടിവി

ഒരു അനുബന്ധ പ്രവർത്തനമാണ് ഇത്.

സംഖ്യകളെ തുടർച്ചയായി പ്രദർശിപ്പിക്കുന്നതിനും വായിക്കുന്നതിനും ഉള്ള ഒരു സംവിധാനമാണ് സംഖ്യ ടി.വി. ചെറിയ കാർബോർഡ് പെട്ടിയിൽ 0 മുതൽ 9 വരെയുള്ള സംഖ്യകൾ സ്ലിപ്പിൽ എഴുതി മുകളിലോട്ടും താഴോട്ടും ചുരുട്ടാവുന്ന സംവിധാനമാണിത്. കുട്ടികൾക്ക് സ്വയം പ്രവർത്തിപ്പിക്കാൻ കഴിയുന്ന രീതിയിലാണ് നിർമ്മിക്കുന്നത്. വ്യത്യസ്ത 3 മൂന്നക്ക സംഖ്യകൾ ഉണ്ടാക്കാനും വായിക്കാനും അവസരം നൽകുന്നു.

സാമഗ്രികൾ : കാർബോർഡ് പെട്ടി, കത്രിക, പെൻസിൽ, പശ, കളർ പേപ്പർ, മാർക്കർ പെൻ, സ്കെയിൽ,

📌📌 പെൻസിലിന്റെ വില

🔊 പ്രവർത്തന ലക്ഷ്യം

- നിലവിൽ പ്രയോഗത്തിലുള്ള നോട്ടുകൾ തിരിച്ചറിയൽ
- നോട്ടുകളുടെ മൂല്യത്തിനനുസരിച്ച് മൂന്നക്ക സംഖ്യകളെ പിരിച്ച് പറയൽ
- നോട്ടുകളും മൂന്നക്ക സംഖ്യകളും പൊരുത്തപ്പെടുത്തൽ
- മൂന്നക്ക സംഖ്യയെ ഒന്നുകൾ പത്തുകൾ നൂറുകൾ എന്നിങ്ങനെ പിരിച്ച് പറയൽ
- അബാക്കസിൽ ചിത്രീകരിക്കൽ

സാമഗ്രികൾ : വിവിധ കളി നോട്ടുകൾ, അബാക്കസ്

ടിവി പേജ് നമ്പർ 24 ലെ പ്രവർത്തനം

🟢 നാണയങ്ങളും നോട്ടുകളും ഒരു പ്രാവശ്യം മാത്രം പരിഗണിച്ച് ആദ്യം പ്രവർത്തനം ചെയ്യിക്കുന്നു.

വ്യക്തിഗതമായി ചെയ്യാൻ അവസരം നൽകുന്നു.

കൂട്ടുകാർ ചെയ്തതും പരസ്പരം കൈമാറി പരിശോധിക്കുന്നു.

പൊതുവായി ക്ലാസിൽ ക്രോഡീകരണം നടത്തുന്നു.

**200 + 100 =300**

🟢നാണയങ്ങളും നോട്ടുകളും ആവർത്തിച്ചു പരിഗണിച്ച് പ്രവർത്തനം ചെയ്യുന്നു. 🔹 **100+100+100 =300** 🔹 **200+50+50=300** 🔹 **100+100+50+50=300**

എന്നിങ്ങനെ അനേകം സാധ്യതകൾ കുട്ടികൾക്ക് കണ്ടെത്തുന്നതിന് അവസരം ഒരുക്കുന്നു.

കുട്ടി സ്വന്തമായി കണ്ടെത്തിയരീതിയും ചങ്ങാതി കണ്ടെത്തിയ രീതിയും പാഠപുസ്തകത്തിൽ എഴുതാൻ അവസരം നൽകുന്നു.

ഗ്രൂപ്പായി കൂട്ടുകാർ എഴുതിയത് പരസ്പരം ചർച്ചചെയ്യാൻ പറയുന്നു .

ഗ്രൂപ്പിലെ കൂട്ടുകാർ കണ്ടെത്തിയത് ബുക്കിൽ എഴുതാൻ അവസരം നൽകുന്നു

🟢 ചിത്രത്തിൽ നൽകിയ എല്ലാ നോട്ടുകളും നാണയങ്ങളും ഓരോന്ന് വീതം ചേർന്നാൽ ആകെ എത്ര രൂപയാകും?


- വ്യക്തിഗതമായി ചെയ്യാൻ അവസരം നൽകുന്നു.
- ഓരോരുത്തരും ഗ്രൂപ്പിൽ ചർച്ച ചെയ്ത് ശരിയാണോ എന്ന് വിലയിരുത്തുന്നു

- പൊതുവായി ക്രോഡീകരണം നടത്തുന്നു.

**100+20+50+10+200+5+500+2+1 = 888**

🟢ഈ സംഖ്യ അബാക്കസിൽ വരച്ച് കാണിക്കുക.

- വ്യക്തിഗതമായി ചെയ്യാൻ അവസരം നൽകുന്നു.
- എല്ലാവരും അബാക്കസ് വരയ്ക്കുക.
- കണ്ടെത്തിയ സംഖ്യ അബാക്കസിൽ ചിത്രീകരിക്കുക.
- അധ്യാപകൻ ക്ലാസ്സിൽ ക്രോഡീകരിക്കുന്നു.
- അബാക്കസ് കൂടുതൽ മനസ്സിലാക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.




📌📌 കളിനോട്ടുമായി ബന്ധപ്പെട്ട കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു

എല്ലാ കുട്ടികാർക്കും കളിനോട്ടുകൾ കിട്ടുന്ന രീതിയിൽ പ്രവർത്തനം ചെയ്യുന്നു.

🟢 നോട്ടുകളുടെ പ്രിന്റ് എടുത്ത് ബുക്കിൽ/ ചാർട്ടിൽ ഒട്ടിച്ച് ചെയ്യിക്കുന്നു.

- നൂറിന്റെ പത്ത് നോട്ടുകൾ എണ്ണിപ്പറയൽ
- അമ്പതിന്റെ 20 നോട്ടുകൾ എണ്ണിപ്പറയൽ
- ഇരുപതിന്റെ 50 നോട്ടുകൾ എണ്ണിപ്പറയൽ
- പത്തിന്റെ 100 നോട്ടുകൾ എണ്ണിപ്പറയൽ

പാറ്റേൺ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനം.

  - ഏതെങ്കിലും രണ്ട് നോട്ടുകൾ ഒന്നിന് ശേഷം മറ്റൊന്ന് ക്രമമായി ഇടകലത്തി നൽകി എണ്ണിപ്പറയൽ
  - വിവിധ നോട്ടുകൾ ഇടകലർത്തി നൽകി എണ്ണിപ്പറയൽ

( നോട്ടുകൾ എണ്ണുമ്പോൾ കിട്ടുന്ന സംഖ്യകളുടെ പാറ്റേൺ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. നോട്ടുബുക്കിൽ കുറിക്കാൻ ആവശ്യപ്പെടുന്നു. )

Eg : 100,200,300,400…………

50,100,150,200,250……….

🟢 രണ്ടായിരത്തിൽ താഴെ ഇന്ന് നിലവിലുള്ള നോട്ടുകളും നാളെയങ്ങളും ഓരോന്ന് വീതം ഉപയോഗിച്ചാൽ എത്ര രൂപയാകും.

🔹 ആദ്യം നിലവിലുള്ള നാണയങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.

നാണയങ്ങൾ മാത്രം കൂട്ടി നോക്കാൻ അവസരം നൽകുന്നു.

- വ്യക്തിഗതമായി കണ്ടെത്തുന്നു
- ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു മെച്ചപ്പെടുത്തുന്നു.
- ക്രോഡീകരിക്കുന്നു.

🔹 നിലവിലുള്ള നോട്ടുകൾ ക്ലാസിൽ പ്രസിദ്ധിപ്പിക്കുന്നു.

നോട്ടുകൾ കൂട്ടി നോക്കാൻ അവസരം നൽകുന്നു.

- വ്യക്തിഗതമായി കണ്ടെത്തുന്നു
- ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു മെച്ചപ്പെടുത്തുന്നു
- ക്രോഡീകരണം നടത്തുന്നു.

📝 വിലയിരുത്തൽ 👇


🟢 അബാക്കസ് ഉപയോഗിച്ചുള്ള സംഖ്യ രൂപീകരണ പ്രവർത്തനം നടത്തുന്നു.


ക്ലാസിൽ ഓരോ ഗ്രൂപ്പിനും ഒരു അബാക്കസ് ഉറപ്പുവരുത്തുന്നു

TB പേജ് 25 ലെ പ്രവർത്തനം ചെയ്യുന്നു

- അബാക്കസിൽ ഏത് സംഖ്യയാണ്
- സംഖ്യ എത്രയാണ്
- മുത്തുകൾ വരച്ച് ചേർത്ത് സംഖ്യ ഉണ്ടാക്കൂ എഴുതൂ.
- ഈ ചിത്രത്തിൽ സംഖ്യ 764 ആകും വിധം മുത്തുകൾ വരയ്ക്കുക.
    - വ്യക്തിഗതമായി പ്രവർത്തനങ്ങൾ ചെയ്യുന്നു
    - ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു മെച്ചപ്പെടുത്തുന്നു
    - ക്രോഡീകരണം നടത്തുന്നു

കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തി നൽകുന്നു.




📝 വിലയിരുത്തൽ 👇


📌📌 സംഖ്യാ രൂപീകരിക്കൽ കളി.

- കുട്ടികളെ ഗ്രൂപ്പായി തിരിക്കുന്നു
- ചക്രം കറക്കി ഓരോ ഗ്രൂപ്പും കളിക്കുന്നു.
- ഓരോ ആളുകൾ കളിക്കുമ്പോഴും കിട്ടുന്ന മൂന്നക്ക സംഖ്യ ബുക്കിൽ എഴുതുന്നു.
- ഏറ്റവും വലിയ മൂന്നക്ക സംഖ്യ കിട്ടിയത് ആർക്ക്
- ഏറ്റവും ചെറിയ മൂന്നക്ക സംഖ്യ കിട്ടിയത് ആർക്ക്.

ഇങ്ങനെ ഗ്രൂപ്പ് ആയിരുന്നു കളിക്കുന്നു.

മൂന്ന് അക്ക സംഖ്യകളെ രൂപീകരിക്കാനുള്ള പ്രവർത്തനമാണ്. ഒന്നിന്റെയും പത്തിന്റെയും നൂറിന്റെയും സംഖ്യകൾ ഒരു ചക്രത്തിൽ വരച്ച് വെട്ടിയെടുത്ത്. കാർബോർഡ് ഷീറ്റിൽ മൂന്നിടങ്ങളിലായി ഒട്ടിക്കുന്നു. ചക്രങ്ങൾ കറങ്ങാവുന്ന രൂപത്തിലാണ് ഒട്ടിക്കേണ്ടത്. താഴെ ഒന്നിന്റെയും പത്തിന്റെയും നൂറിന്റെയും സ്ഥാനങ്ങൾ അടയാളപ്പെടുത്തുന്നതിനായി ഒരു ഭാഗം ക്രമീകരിക്കുന്നു. ഓരോ ചക്രങ്ങളും കറക്കി സംഖ്യകൾ രേഖപ്പെടുത്തുന്നു. ഇങ്ങനെ കളി രൂപത്തിൽ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നു.

സാമഗ്രികൾ: കാർബോർഡ് ഷീറ്റ്, ചാർട്ട്,മാർക്കർ പെൻ,പശ,കത്രിക,




📌📌 ചെക്കിൽ എഴുതാം

(ബാങ്കിന്റെ പ്രവർത്തനരീതികൾ പരിചയപ്പെടുത്തുന്ന പ്രവർത്തനം)

പ്രവർത്തന ലക്ഷ്യം

- ചെക്കുകളെക്കുറിച്ച് കുട്ടിക്ക് ധാരണ ഉണ്ടാക്കാൻ
- അക്ഷരത്തിലും അക്കത്തിലും എഴുതൽ
- തുകനുസരിച്ച് നോട്ടുകൾ തെരഞ്ഞെടുക്കൽ

അധ്യാപകൻ ക്ലാസിൽ ഒരു ചെക്ക് പരിചയപ്പെടുത്തുന്നു.

ഓരോ ഗ്രൂപ്പിനും ഒരു ചെക്ക് ലീഫിന്റെ കളർ പ്രിന്റ് നൽകുന്നു.

❓ ചെക്കിൽ എന്തൊക്കെ വിവരങ്ങൾ ഉണ്ട്.
❓ ചെക്ക് ഉപയോഗിക്കുന്ന സൗന്ദർഭങ്ങൾ ഏവ?

- എല്ലാവരും പരിശോധിക്കുന്നു.
- പൊതുവായി അവതരിപ്പിക്കുന്നു.

ഏറ്റവുംമുകളിലായി ബാങ്കിന്റെ പേര് നൽകിയിരിക്കുന്നു. ബാങ്കിന്റെ അഡ്രസ്സ് എഴുതിയിട്ടുണ്ട്. ചെക്കിന്റെ വലതുവശത്തായി ചെക്ക് സമർപ്പിക്കുന്ന തീയതി രേഖപ്പെടുത്താൻ സ്ഥലമുണ്ട്. തുക നൽകേണ്ട വ്യക്തിയുടെ പേര് ഉണ്ട്. അതിനു താഴെ തുക അക്ഷരത്തിലും അക്കത്തിലും എഴുതാനുള്ള സ്ഥലം ഉണ്ട്. അതിനു താഴെ അക്കൗണ്ട് നമ്പർ എഴുതണം. ചെക്കിന്റെ കാലാവധിയുടെ സൂചന. വലത്തെയറ്റത്ത് ഒപ്പിടാനുള്ള സ്ഥലം .അതിനു താഴെ ചില അക്കങ്ങൾ. ചെക്ക് ബാങ്കിൽ കൊടുത്ത് പണം വാങ്ങുന്നയാൾ ചെക്കിന്റെ പുറകിലും ഒപ്പിടണം.

🟢ചെക്ക് പരിചയപ്പെട്ട ശേഷം ഒരു ചെക്ക് എഴുതാൻ അവസരം നൽകുന്നു..


ക്ലാസ്സിൽ A4 പേപ്പറിൽ ഒരു ചെക്ക് പ്രദർശിപ്പിക്കുന്നു.. എഴുതേണ്ട ഭാഗത്ത് വെള്ള സ്റ്റിക്കർ ഒട്ടിക്കുന്നു. വൈറ്റ് ബോർഡ് മാർക്കർ ഉപയോഗിച്ച് എഴുതുക.

എല്ലാ കുട്ടികാർക്കും അതിൽ എഴുതാൻ അവസരം നൽകുന്നു.
ഓരോ കുട്ടിക്കും അധ്യാപകൻ മൂന്നക്ക നമ്പർ പറയുന്നു
കുട്ടികൾ എഴുതട്ടെ. അക്കത്തിലും അക്ഷരത്തിലും എഴുതുന്നു.

( ചെക്കിൽ തുക അക്കത്തിലും അക്ഷരത്തിലും എഴുതണം വെട്ടും തിരുത്തും പാടില്ല )

📌📌 തുടർന്ന് TB പേജ് നമ്പർ 25 ലെ പട്ടിക പൂരിപ്പിക്കാം എന്ന പ്രവർത്തനം

- വ്യക്തിഗതമായി ചെയ്യുന്നു
- ഗ്രൂപ്പിൽ പരസ്പരം കൈമാറി വിലയിരുത്തുന്നു. മെച്ചപ്പെടുത്തുന്നു
- അധ്യാപകൻ ക്ലാസിൽ ക്രോഡീകരിക്കുന്നു.




📝 വിലയിരുത്തൽ 👇

📌📌 ബാങ്കിൽ പണം അടയ്ക്കാൻ

TB പേജ് no 26 ലെ പ്രവർത്തനം

ബാങ്കിൽ പണം അടക്കുന്ന സ്ലിപ് പരിചയപ്പെടാം എന്ന പ്രവർത്തനമാണിത്

ഒറിജിനൽ സ്ലിപ്പ് കുട്ടികൾക്ക് കാണിച്ചു കൊടുക്കുന്നു.

❓ പണം അടയ്ക്കുന്ന സ്ലിപ്പിൽ എന്തൊക്കെ വിവരങ്ങൾ ഉണ്ട്?

- ബാങ്കിന്റെ പേരും അഡ്രസ്സും മുകളിലുണ്ട്.
- അതിനു താഴെയായി അക്കൗണ്ട് നമ്പർ എഴുതാനുള്ള കോളം ഉണ്ട്.
- വലതുവശത്ത് മുകളിൽ തീയതി എഴുതാനുള്ള സ്ഥലം ഉണ്ട്
- അക്കൗണ്ട് നമ്പർ ഒന്ന് താഴെ അക്കൗണ്ട് ഉടമയുടെ പേര് എഴുതാം

( നേരിട്ട് പണം അടയ്ക്കുന്നവർക്ക് സ്ലിപ്പിന്റെ വലതു വശത്ത് തീയതിയുടെ താഴെ വിവിധ തുകയുള്ള നോട്ടുകൾ 500 200 100 50 20.. 1 വരെ രേഖപ്പെടുത്തിയിട്ടുണ്ടാവും. നമ്മൾ നൽകുന്ന ഓരോ നോട്ടും നാണയവും എത്രയെന്ന് എഴുതി ആകെ തുക കാണുന്നതിനുള്ള സ്ഥലത്ത് എഴുതണം.. ഏറ്റവും താഴെ തുക നിക്ഷേപിക്കുന്ന വ്യക്തിയുടെ പേര് തുക നിക്ഷേപിക്കുന്ന വ്യക്തിയുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തണം.)

🟢 ക്ലാസ്സിൽ ബാങ്ക്

തുടർന്ന് കളി നോട്ട് ഉപയോഗിച്ച് ബാങ്കിൽ പണം അടക്കുന്ന പ്രവർത്തനം ക്ലാസിൽ ചെയ്യുന്നു.

ബാങ്ക് ക്ലാസിൽ ക്രമീകരിക്കുന്നു.

ചെക്ക് ബുക്കിന്റെ ഫോട്ടോ ഷീറ്റ് നൽകുന്നു.

അടുത്തുള്ള ഒരു ബാങ്ക് സന്ദർശിക്കുന്നു.

📝 വിലയിരുത്തൽ 👇


📌📌 നോട്ടുകളുടെ എണ്ണം

മൂന്നക്ക സംഖ്യയിലെ അക്കങ്ങളുടെ തുക കണ്ടെത്താനുള്ള പ്രവർത്തനമാണിത് അക്കങ്ങളുടെ തുകയും നോട്ടുകളുടെ എണ്ണവും തുല്യമാകുമ്പോൾ കുട്ടികൾക്ക് കൗതുകം ഉണ്ടാകും.

TB പേജ് NO 26 പ്രവർത്തനം കുട്ടികൾക്ക് ചെയ്യാൻ അവസരം നൽകുന്നു.

- വ്യക്തിഗതമായി രചന
- കണ്ടെത്തിയവ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു പരിശോധിക്കുന്നു
- അധ്യാപകന്റെ ക്രോഡീകരണം

നോട്ടുകൾ വെച്ച് തന്നെ ക്ലാസിൽ പ്രവർത്തനം ചെയ്തു കാണിക്കുന്നു.




📌 തുക പത്ത്

ടെസ്റ്റ് ബുക്കിലെ പ്രവർത്തനം. ക്ലാസിൽ അവതരിപ്പിക്കുന്നു.

109 എന്ന സംഖ്യയിലെ അക്കങ്ങളുടെ തുക1+0+9=10

താഴെയുള്ള സംഖ്യകൾ കുട്ടികൾ തന്നെ കണ്ടെത്താൻ നൽകുന്നു.

TB പേജ് No 27 ലെ പ്രവർത്തനം കണ്ടെത്താൻ ആവശ്യപ്പെടുന്നു.

- വ്യക്തിഗത രചനക്ക് അവസരം
- ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. താരതമ്യം ചെയ്യുന്നു.
- അധ്യാപകൻ ക്രോഡീകരിക്കുന്നു.

🟢 നൂറുകളും പത്തുകളും ഒന്നുകളും ചേർത്ത് സംഖ്യ രൂപീകരണം.

ടെസ്റ്റ് ബുക്കിലെ പ്രവർത്തനങ്ങൾ കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു.

200,100,50,20,10,5,2,1 എന്നീ നോട്ടുകൾ വെച്ച് പ്രവർത്തനം ചെയ്യുന്നു.

- നോട്ടുകൾ ക്ലാസിൽ ഓരോ ഗ്രൂപ്പിലും നൽകുന്നു.
- ഗ്രൂപ്പുകാർ കണ്ടെത്തിയവ പ്രദർശിപ്പിക്കുന്നു.
- മറ്റ് കൂട്ടുകാർക്ക് പറഞ്ഞു കൊടുക്കുന്നു.

ഓരോ ഗ്രൂപ്പുകാരും കണ്ടെത്തിയവ നോട്ട് ബുക്കിൽ കുറിക്കുന്നു.

📝 വിലയിരുത്തൽ 👇

📌📌 കോർണർ പിടിഎ

നോട്ടുകൾ ഉപയോഗിച്ചുള്ള ക്രയവിക്രയം സാധ്യമാക്കുന്നതിനുള്ള ഒരു പ്രവർത്തനമാണിത്. പ്രായോഗിക ജീവിതത്തിൽ നിത്യവും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹാരം കാണേണ്ട സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്.

എന്താണ് കോർണർ പി.ടി.എ എന്ന് വിശദീകരിക്കുന്നു. ( HB)

പ്രവർത്തനത്തിലേക്ക് കടക്കുന്നു.

🟢 TB പേജ് നമ്പർ 28 ലെ പ്രവർത്തനം കുട്ടികൾ തനിയെ വായിക്കുന്നു.

അധ്യാപകൻ ചോദ്യങ്ങൾ ചോദിക്കുന്നു.

❓ എത്ര കിലോ പഴമാണ് അച്ഛൻ വാങ്ങിയത് ( 6 kg )

❓ കിലോഗ്രാം എന്നത് എന്താണ്. ( ഭാരം അളക്കുന്ന യൂണിറ്റ്)

❓ ഒരു കിലോഗ്രാം പഴത്തിന്റെ വില എത്രയാണ്? (50₹)

❓ കടയിൽ കൊടുത്തത് എത്ര രൂപയാണ്? (500₹)

❓ ബാക്കി എത്ര തരം നോട്ടുകൾ ആണ് തിരിച്ചുകിട്ടിയത്? (3)

❓ ഏതൊക്കെ നോട്ടുകൾ ആണ് തിരിച്ചുകിട്ടിയത്?

❓ ഓരോന്നും എത്ര വീതം?

കുട്ടികൾ ചോദ്യം വിശകലനം ചെയ്യുന്നു.

- വ്യക്തിഗതമായി ചെയ്യാൻ അവസരം നൽകുന്നു.
- ശേഷം ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.
- അധ്യാപകൻ പൊതുവായി ക്രോഡീകരിക്കുന്നു.

50 രൂപ വെച്ച് 6കിലോഗ്രാം പഴത്തിന്റെ വില 6 പ്രാവശ്യം

= **50 (50+50+50+50+50+50)**

= **300**

= **500**

**=500 - 300 = 200** ( മാനസഗണിതം സാധ്യത ഉപയോഗിക്കണം )

കൂടുതൽ സഹായം വേണ്ട കുട്ടികൾക്ക് നോട്ടുകൾ വെച്ച് തന്നെ പ്രവർത്തനം ചെയ്യിപ്പിച്ചു കാണിക്കുന്നു.

| സാധ്യത **1** | | |
|---|---|---|
| നോട്ട് | എണ്ണം | തുക |
| **100** | **1** | **100** രൂപ |
| **50** | **1** | **50** രൂപ |
| **10** | **5** | **50** രൂപ |

| | |
|---|---|
| ആകെ | **200** രൂപ |

| സാധ്യത **2** | | |
|---|---|---|
| നോട്ട് | എണ്ണം | തുക |
| **100** | **1** | **100** |
| **20** | **4** | **80** |
| **10** | **4** | **20** |
| ആകെ | | **200** |

ഇനിയുംഎന്തൊക്കെ സാധ്യതകൾ ആണുള്ളത്.?
കുട്ടികൾക്ക് കണ്ടെത്തി അവതരിപ്പിക്കാൻ അവസരം നൽകുന്നു.
നോട്ട് ബുക്കിൽ കുറിക്കുന്നു.
🟢🟢 തിരിച്ചുകിട്ടിയത് നാല് തരം നോട്ടുകൾ ആണെങ്കിലോ?

- വ്യക്തിഗതമായി ചെയ്യാൻ അവസരം നൽകുന്നു
- ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. കൂട്ടിച്ചേർക്കലുകൾ നടത്തുന്നു.
- അധ്യാപകൻ ക്രോഡീകരിക്കുന്നു.

| സാധ്യത **1** | | |
|---|---|---|
| നോട്ട് | എണ്ണം | തുക |
| **100** | **1** | **100** |
| **50** | **1** | **50** |
| **20** | **2** | **40** |
| **10** | **1** | **10** |
| ആകെ | | **200** |

| സാധ്യത **2** | | |
|---|---|---|
| നോട്ട് | എണ്ണം | തുക |
| **50** | **1** | **50** |
| **20** | **5** | **100** |

| | | |
|---|---|---|
| 5 | 8 | 40 |
| 1 | 10 | 10 |
| ആകെ | | 200 |

❓ മറ്റു സാധ്യതകൾ എന്തൊക്കെ?

കുട്ടികൾക്ക് കണ്ടെത്തിയത് അവതരിപ്പിക്കാൻ അവസരം നൽകുന്നു.

നോട്ടുബുക്കിൽ കുറിക്കുന്നു.

🟢🟢❓ അഞ്ചുതരം നോട്ടുകൾ ആണ് കിട്ടിയത് എങ്കിൽ?

- വ്യക്തിഗതമായി കണ്ടെത്താൻ അവസരം നൽകുന്നു

🔖കൂടുതൽ തുടർപ്രവർത്തനങ്ങൾ നൽകുന്നു.

📝 വിലയിരുത്തൽ 👇

📌📌 ഡ്രാഗൺ

പേജ് നമ്പർ 29 ലെ പ്രവർത്തനം

899 മുതൽ 918 വരെ സംഖ്യകൾ തുടർച്ചയായി അക്കത്തിലും അക്ഷരത്തിലും എഴുതുന്നതിനുള്ള അവസരം ഈ പ്രവർത്തനത്തിലൂടെ നൽകുന്നു.

🟢 ഡ്രാഗണിൽ നൽകിയിരിക്കുന്ന സംഖ്യകൾ കുട്ടികൾ ഉറക്കെ വായിക്കുന്നു

- തുടർന്ന് ഡ്രാഗണിലെ സംഖ്യകൾ തുടർച്ചയായി എഴുതാൻ അവസരം നൽകുന്നു.
- വ്യക്തിഗത രചനയ്ക്ക് അവസരം നൽകുന്നു.
- കുട്ടികൾ ഗ്രൂപ്പ് ആയി തിരിഞ്ഞ് പ്രവർത്തനങ്ങൾ പരസ്പരം വിലയിരുത്തുന്നു.
- അധ്യാപകൻ ക്ലാസിൽ വിശദീകരിക്കുന്നു.
- സഹായം വേണ്ട കുട്ടികൾക്ക് കൂടുതൽ മനസ്സിലാകുന്ന രീതിയിൽ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു.

🟢📌അക്ഷരത്തിലുള്ള സംഖ്യകളെ അക്കത്തിലും എഴുതാൻ അവസരം നൽകുന്നു.

ഡ്രാഗൺ രൂപീകരിച്ച ശേഷം ചില സംഖ്യകൾ ടോക്കൺ ഉപയോഗിച്ച് മറച്ച് വിവിധതരം കളികൾ നടത്തുന്നു.

🔊 മറച്ച സംഖ്യ ഏത് ?

🔊 സംഖ്യ അക്ഷരത്തിൽ എഴുതുക ?

🔊 ആ സംഖ്യയോട് 5 കൂട്ടിയാൽ കിട്ടുന്ന സംഖ്യ ഏത് കണ്ടെത്തി പറയുക?

🟢📌 ഡ്രാഗണിൽ നിന്നും വിവിധതരം പാറ്റേണുകൾ കണ്ടെത്താൻ അവസരം നൽകുന്നു. കളി രൂപത്തിൽ ഈ പ്രവർത്തനവും കൊടുക്കുന്നു.

- ആദ്യം 1 ഇടവിട്ട് സംഖ്യകളുടെ പാറ്റേൺ കണ്ടെത്തുക.
- ഒന്നുകളുടെ സ്ഥാനത്ത് പൂജ്യം വരുന്ന പാറ്റേണുകൾ കണ്ടെത്തുക.
- ഒന്നുകളുടെ സ്ഥാനത്ത് അഞ്ചു വരുന്ന പാറ്റേണുകൾ കണ്ടെത്തുക
- ഒന്നുകളുടെ സ്ഥാനത്ത് 0, 5 ഇങ്ങനെ മാറി വരുന്ന പാറ്റേണുകൾ കണ്ടെത്തുക

🟢📌 സംഖ്യകളെ അക്ഷരങ്ങളുടെ രൂപത്തിലും അക്കങ്ങളുടെ രൂപത്തിലും എഴുതുക

- വ്യക്തിഗത രചനയ്ക്ക് പ്രാധാന്യം നൽകുന്നു.
- ഗ്രൂപ്പിൽ പ്രവർത്തനങ്ങൾ കൈമാറി പരിശോധിക്കുന്നു. വിലയിരുത്തുന്നു.
- അധ്യാപകൻ ക്രോഡീകരിക്കുന്നു.

| അക്ഷരത്തിൽ | അക്കത്തിൽ |
|---|---|
| എണ്ണൂറ്റി തൊണ്ണൂറ്റി എട്ട്<br>എണ്ണൂറ്റി തൊണ്ണൂറ്റി ഒൻപത്<br>തൊള്ളായിരം<br>തൊള്ളായിരത്തി ഒന്ന്<br>തൊള്ളായിരത്തി രണ്ട്<br>………..<br>……….. | |

ചെറുതിൽ നിന്നും വലുതിലേക്ക്.

- 328,436,284,347,421
- 
- 654.425.348.546.478
- 

വലുതിൽ നിന്നും ചെറുതിലേക്ക്

- 635,897,248,981,785
- 
- 245,147,564,835,974
- 

📝 വിലയിരുത്തൽ 👇

📌 കൂട്ടുകാരെ കണ്ടെത്താം

കൂട്ടുകാരെ നമുക്കൊരു game കളിച്ചാലോ

മൂന്നക്കസംഖ്യ അക്കത്തിലും അക്ഷരത്തിലും എഴുതിയ കാർഡുകൾ ഇടകലർത്തി ഇടുന്നു. ഒരു കുട്ടിക്ക് ഒരു കാർഡ് എടുക്കാൻ അവസരം നൽകുന്നു. സംഖ്യാ കാർഡ് ആണ് ലഭിച്ചതെങ്കിൽ അത് അക്ഷരത്തിൽ എഴുതിയ കാർഡ് ഉള്ള കൂട്ടുകാരെ കണ്ടെത്തണം. ശരിയായ ജോഡി ചേരുന്ന ഗ്രൂപ്പിന് ഒരു പോയിന്റ് രണ്ടാംഘട്ടത്തിൽ അക്ക കാർഡുകൾ മാത്രം കുട്ടിക്ക് നൽകുന്നു. അക്ഷര കാർഡുകൾ ശരിയായി കണ്ടെത്തിയാൽ ഒരു പോയിന്റ്. അക്ഷര കാർഡുകൾ ആദ്യം നൽകി ഈ പ്രവർത്തനം നടത്താം.

📌 സഹോദരന്റെ സമ്മാനം

TB പേജ് നമ്പർ 30 ലെ പ്രവർത്തനം.

<u>പ്രവർത്തന ലക്ഷ്യങ്ങൾ</u>

- _മൂന്നക്ക സംഖ്യകളുടെ താരതമ്യം.
- ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ.
- ഒരു നിശ്ചിത സംഖ്യയിൽ നിന്നും വലിയ സംഖ്യ കണ്ടെത്തൽ.
- കേരളത്തിലെ നദികളുടെ നീളവും ബന്ധപ്പെട്ട പ്രായോഗിക പ്രശ്നവും നിർദ്ധാരണം ചെയ്യൽ.
- മൂന്നക്ക സംഖ്യകളെ താരതമ്യം ചെയ്യുമ്പോൾ ആദ്യം നൂറുകളുടെ സ്ഥാനത്തെ അക്കവും അവ തുല്യമാണെങ്കിൽ പത്തുകളുടെ സ്ഥാനത്തെ അക്കവും അവതുല്യമാണെങ്കിൽ ഒന്നുകളുടെ സ്ഥാനത്തെ അക്കവും നോക്കി വലുത് ചെറുത് കണ്ടെത്തൽ.
- പട്ടിക താരതമ്യം ചെയ്ത് നീളം കൂടിയ നദി, നീളം കുറഞ്ഞ നദി എന്നിവ കണ്ടെത്തുന്നു. അവരോഹണ ക്രമത്തിൽ എഴുതുന്നു.

🟢 പാഠപുസ്തകത്തിലെ കേരളത്തിലെ ചിത്രം വിശകലനം ചെയ്യുന്നു.

അധ്യാപകൻ ചില ചോദ്യങ്ങൾ ചോദിക്കുന്നു.

❓ എത്ര നദികളുടെ നീളം നൽകിയിട്ടുണ്ട്? (9)

❓ ഏറ്റവും നീളം കൂടിയ നദി ഏത്? ( പെരിയാർ)

❓ ഏറ്റവും നീളം കുറഞ്ഞ നദി ഏത്? ( മഞ്ചേശ്വരം പുഴ)

- വ്യക്തിഗതമായി ഉത്തരം കണ്ടെത്തി ബുക്ക് എഴുതുന്നു.
- ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ശരിയാണോ എന്ന് പരിശോധിക്കുന്നു.
- അധ്യാപകൻ ക്രോഡീകരണം നടത്തുന്നു.

❓ ചാലിയാർ പുഴയുടെ നീളം എത്രയാണ്? (169km )

കുട്ടികളോട് കണ്ടെത്തി പറയാൻ ആവശ്യപ്പെടുന്നു.

❓ ചാലിയാർ പുഴയെക്കാൾ നീളം കൂടിയ എത്ര നദികൾ പട്ടികയിലുണ്ട്?

കുട്ടികൾക്ക് കണ്ടെത്താൻ അവസരം നൽകുന്നു.

ഭാരതപ്പുഴ 209 പെരിയാർ 244 പമ്പയാറ് 176

❓ കണ്ടെത്തിയത് വലുതിൽ നിന്ന് ചെറുതിലേക്ക് എഴുതാൻ ആവശ്യപ്പെടുന്നു.

( പെരിയാർ ഭാരതപ്പുഴ പമ്പയാർ )

❓ 9 നദികളെയും ആരോഹണ അവരോഹണ ക്രമത്തിൽ എഴുതിക്കുന്നു.

📝 വിലയിരുത്തൽ 👇

📌📌 സംഖ്യാ കാർഡുകളിൽ

കുട്ടികളെ അഞ്ചുപേരുള്ള ഗ്രൂപ്പ് ആകുന്നു ഓരോ ഗ്രൂപ്പിൽ 301 മുതൽ 350 വരെയുള്ള സംഖ്യ കാർഡുകൾ നൽകുന്നു. അവ ഇടകലർത്തി ഓരോന്ന് വീതം പത്തു കാർഡുകൾ നൽകുന്നു കിട്ടിയ കാർഡുകളെ ഓരോരുത്തരും ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമീകരിക്കുന്നു.ആദ്യം പൂർത്തിയാക്കുന്നവർക്ക് 5.പോയിന്റ്. രണ്ടാമത് പൂർത്തിയാക്കുന്നവർക്ക് 4 പോയിന്റ് എന്നിങ്ങനെ അവസാന പൂർത്തിയാക്കുന്ന ആളിന് 1 പോയിന്റ് . 5 തവണ കളി തുടരാം കൂടുതൽ പോയിന്റ് നേടുന്നയാൾ വിജയി. മറ്റ് ഗ്രൂപ്പുകാർക്ക് 351 മുതൽ 400 വരെ, 401 മുതൽ 450 എന്നിങ്ങനെ കാർഡുകൾ നൽകണം. അഞ്ച് തവണ കളി പൂർത്തിയാക്കിയ ശേഷം സംഖ്യാ കാർഡുകൾ മാറ്റി മാറ്റി ഗ്രൂപ്പുകാർക്ക് നൽകി കളി നടത്തുന്നു.

<u>വിലയിരുത്തൽ പ്രവർത്തനങ്ങൾ</u>

യൂണിറ്റിന്റെ അവസാനം നൽകിയിട്ടുള്ള വിലയിരുത്തൽ പ്രവർത്തനം കുട്ടികൾ പഠനലക്ഷ്യങ്ങൾ എത്രമാത്രം നേടിയെന്നു വിലയിരുത്തുവാൻ വേണ്ടിയുള്ളതാണ്

- ഓരോന്നും കുട്ടികൾക്ക് സ്വയം ചെയ്യാൻ അവസരം നൽകുന്നു.
- പ്രവർത്തനം ചെയ്യുന്നതിൽപ്രയാസം അനുഭവിക്കുന്നവർ ആരെല്ലാം
- അധ്യാപകൻ ചില സഹായങ്ങൾ ചെയ്തു കൊടുക്കുന്നു.
- പ്രവർത്തനങ്ങൾ ടീച്ചർ ക്ലാസിൽ ചർച്ച ചെയുന്നു..
- ഓരൊ പ്രവർത്തനവും വിശദീകരിക്കുന്നു.

ശരിയായി പൂർത്തിയാക്കിയവർ ആരരല്ലാം ?

ഇനിയും മെച്ചപ്പെടെണ്ടവർ ആരരല്ലാം ?

ടീച്ചർ വിലയിരുത്തുന്നു.

ചോദ്യം 1 : പാറ്റേൺ പൂർത്തിയാക്കാം

- ഒരുനിശ്ചിത സംഖ്യ കൂട്ടിയോ കുറച്ചോ തുടർച്ചയായ പാറ്റേണുകളായി എഴുതുവാനുള്ള കഴിവാണ് വിലയിരുത്തപ്പെടുന്നത്. ഇത്തരത്തിലുള്ള പാറ്റേണുകൾ സ്വയം രൂപീകരിക്കാനുള്ള കഴിവും കുട്ടി ആർജിക്കേണ്ടതുണ്ട്
- 11, 22, 33, 44, . . . , . . . ., എന്ന പാറ്റേണിൽ അടുത്തടുത്ത രണ്ടു സംഖ്യകൾ തമ്മിലുള്ള വ്യത്യാസം 11 ആണ്. അതായത് 11 കൂട്ടിക്കൂട്ടി എഴുതിയിരിക്കുന്നു. ആയതിനാൽ തുടർന്നുള്ള സംഖ്യകൾ 55, 66 എന്ന് കാണുന്നതിന് പ്രയാസം ഉണ്ടാകില്ല.
- 150,250,350….,…,…….. ( ഇവിടെ 100 കൂട്ടിക്കൂട്ടി പോകുന്നു)
- 100,101,103,106…,…,… (ഇവിടെ എന്താണ് പ്രത്യേകത?)( ആദ്യം ഒന്ന് കൂട്ടി പിന്നെ രണ്ട് കൂട്ടി പിന്നീട് മൂന്നു കൂട്ടി ഇങ്ങനെ പോകുന്നു)
- 990,980,970 …. …. … ഇവിടെയോ ( 10 കുറച്ചു കുറച്ച് പോകുന്നു)

- ഏറ്റവും ചെറിയ മൂന്ന് അക്കമുള്ള സംഖ്യയിൽ തുടങ്ങി 5 കൂട്ടിക്കൂട്ടി എഴുതുക.
- ഏറ്റവും വലിയ മൂന്നക്ക സംഖ്യയിൽ തുടങ്ങി 111 കുറച്ച് എഴുതുക

  വ്യക്തിഗതമായി ചെയ്യാൻ അവസരം നൽകുന്നു.

  ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. കൂട്ടിച്ചേർക്കുന്നു

🟢.ഇതുമായി ബന്ധപ്പെടുത്തി പ്രയാസം നേരിടുന്നവർക്ക് പാറ്റേൺ പൂർത്തിയാക്കാൻ ചില ചോദ്യങ്ങൾ നൽകുന്നു..

- 200,210,220, ………, ………, ………, ……….., ………, ……….
- 102,104,106 ………, ………, ………, ……….., ………, ……….
- 120,140,160 ………, ………, ………, ……….., ………, ……….

🟢150 ൽ തുടങ്ങി 20 കൂട്ടിക്കൂട്ടിയുള്ള അഞ്ചു സംഖ്യകൾ എഴുതുക.

🟢800 ൽ തുടങ്ങി 5 കൂട്ടി, 10 കൂട്ടി, 15 കൂട്ടി, 20 കൂട്ടി, 25 കൂട്ടി തുടർച്ചയായി 5 സംഖ്യകൾ എഴുതുക.

🟢 900 ൽ നിന്ന് 20 വീതം കുറച്ച് 5 സംഖ്യകൾ എഴുതുക.

- വ്യക്തികതമായി ചെയ്യാൻ അവസരം
- ഗ്രൂപ്പിൽ അവതരണം മെച്ചപ്പെടുത്തൽ
- അധ്യാപകൻ ക്രോഡീകരിക്കുന്നു.
-

❓ചോദ്യം 2 : ഞാനാരെന്ന് പറയാമോ ?

കുട്ടികൾക്ക് വ്യക്തിഗതമായി ചെയ്യാൻ അവസരം നൽകുന്നു.

❓ഒന്നാം ചോദ്യം - ചില പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ രണ്ടക്ക സംഖ്യയെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനമാണിത്. എന്തൊക്കെയാണ് തന്നിട്ടുള്ളത് ?

- 80 ൽ കൂടുതലാണ് അതായത് 81 മുതൽ 99 വരെയാകാം.
- പത്തുകളുടെ സ്ഥനത്ത് 8 അല്ലങ്കിൽ 9 ആണ്.
- ഒന്നുകെളുടെ സ്ഥാനത്തെ അക്കം പത്തുകളുടെ സ്ഥാനത്തെ അക്കത്തെക്കാൾ 1 കൂടുതലാണ്.
- ഒന്നുകളുടെ സ്ഥാനം ഒന്ന് കൂടുതൽ ആകണം. ആയതിനാൽ പത്തുകളുടെ സ്ഥാനത്ത് 8 തന്നെ. ഒന്നുകളുടെ സ്ഥാനത്ത് 9 ഉം.ആയതിനാൽ സംഖ്യ 89.

❓ രണ്ടാം ചോദ്യത്തിൽ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ മൂന്നക്ക സംഖ്യ കണ്ടെത്തുന്നതിനുള്ള പ്രവർത്തനമാണ്. എന്തൊക്കെയാണ് തന്നിട്ടുണ്ട്?

- മൂന്നക്ക സംഖ്യയുടെ അക്കങ്ങളുടെ തുക 15 ആണ്.
- ഒന്നുകളുടെ സ്ഥാനത്തെ അക്കത്തെക്കാൾ 8 കുറവാണ് നൂറുകളുടെ സ്ഥാനത്തെ അക്കം,
- അതായത് ഒന്നുകളുടെ സ്ഥാനത്തെ അക്കം 9 ആകണം.
- നൂറാം സ്ഥാനത്തെ അക്കം 1 ആകണം.
- തുക പതിനഞ്ചായതുകൊണ്ട് പത്താം സ്ഥാനത്തെ അക്കം 5.
- സംഖ്യ 159

🟢 ഇതുപോലെ ചോദ്യം കുട്ടികൾക്ക് നോട്ടുബുക്കിൽ എഴുതാൻ അവസരം നൽകുന്നു.
ചോദ്യങ്ങൾ കൂട്ടുകാരുമായി കൈമാറി ഉത്തരം കണ്ടെത്തുന്നു
ഗ്രൂപ്പ് ആയി തിരിഞ്ഞ് പ്രവർത്തനങ്ങൾ കുട്ടികൾ ചെയ്യുന്നു.
ഒരു ഗ്രൂപ്പ് ചെയ്ത പ്രവർത്തനത്തിന്റെ ഉത്തരം അടുത്ത ഗ്രൂപ്പ് കണ്ടെത്തുന്നു.

ഉദാ :

ഞാൻ

- മൂന്നക്ക സംഖ്യയാണ്
- അക്കങ്ങളുടെ തുക 19 ആണ്
- ഒന്നുകൂടി സ്ഥാനത്തിന്റെ ഇരട്ടിയാണ് നൂറുകളുടെ സ്ഥാനത്തെ അക്കം.
- ഞാനാരാണെന്ന് പറയാമോ.

